14-ാം കേരള നിയമസഭ
2-ാം സമ്മേളനം
നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.17
26/09/2016-ലെ മറുപടിക്ക്

## ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം

| ചോദ്യം: | മറുപടി: |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. പിണറായി വിജയൻ<br>ബഹു. മുഖ്യമന്ത്രി |
| എ) ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി അനുവദിച്ചിട്ടുള്ള വാഹനങ്ങളുടെ ദുരുപയോഗം വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ അത് നിയന്ത്രിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ; | സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന്റെ ഭാഗമായി 24/2/2003 ലെ ജി.ഒ(എം.എസ്) നം 113/2003/ധന ഉത്തരവ് പ്രകാരവും 2/8/2008 ലെ 41/2008/ധന നമ്പർ സർക്കുലർ പ്രകാരവും കർശന നടപടി സ്വീകരിക്കുവാൻ ധനകാര്യ പരിശോധനാ (എൻ.റ്റി) വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ബി) മാർക്കറ്റ്, ഹെൽത്ത് ക്ലബ്ബുകൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, മദ്യഷാപ്പുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്കെല്ലാം പോലീസ് ഉൾപ്പെടെ എല്ലാ വകുപ്പുകളുടെയും ഔദ്യോഗിക വാഹനങ്ങളും ഔദ്യോഗികാവശ്യത്തിന് വാടകയ്ക്കെടുത്ത വാഹനങ്ങളും സർവ്വീസ് നടത്തുന്നത് കണ്ടെത്താനും ദുരുപയോഗം തടയാനും എന്തെങ്കിലും സംവിധാനം പുതുതായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ? | വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതു സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകൾ കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**